| 21–10–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

# “മധുരമായ കുട്ടികളേ - ഭഗവാൻ ഉച്ചരിച്ചത് തന്നെയാണ് നാം കേൾക്കുന്നത്, സ്വയം ഭഗവാൻ നമ്മെ പഠിപ്പിക്കുകയാണ് എന്ന പൂർണ്ണമായ നിശ്ചയമുള്ളപ്പോൾ ആണ് സദാ സന്തോഷത്തിലിരിക്കാൻ സാധിക്കുക ”

**ചോദ്യം:–** ഡ്രാമയനുസരിച്ച് ഈ സമയത്ത് എല്ലാവരും എന്താണ് ആസൂത്രണം ചെയ്യുന്നത്, എന്ത് തയ്യാറെടുപ്പാണ് നടത്തുന്നത് ?
**ഉത്തരം:–** ഈ സമയം എല്ലാവരും പദ്ധതിയുണ്ടാക്കുന്നു ഇത്ര സമയത്തിനുള്ളിൽ ഇത്രയും ധാന്യം ഉത്പാദിപ്പിക്കും. പുതിയ ഡൽഹി, പുതിയ ഭാരതം വരും. പക്ഷേ തയ്യാറെടുപ്പുകളൊക്കെ മരണത്തിനു വേണ്ടിയുള്ളതാണ് നടത്തുന്നത്. മുഴുവൻ ലോകത്തിന്റേയും കഴുത്തിൽ മരണത്തിന്റെ മാലയാണ് കിടക്കുന്നത്. ഇങ്ങനെയൊരു ചൊല്ലുണ്ട്, നരൻ ആഗ്രഹിച്ചതൊന്ന്, സംഭവിക്കുന്നത് വേറൊന്ന് ........ബാബയ്ക്ക് തന്റേതായിട്ടുള്ള പ്ലാനുണ്ട്, മനുഷ്യരുടെ പ്ലാൻ അവരുടേതാണ്.

**ഗീതം:–** ആരോ എന്നെ തന്റേതാക്കി മാറ്റി......

**ഓം ശാന്തി**. ബ്രഹ്മാവിലൂടെ നിരാകാരനായ ഭഗവാൻ പറഞ്ഞു. ഇവിടെ മനുഷ്യൻ അല്ല പഠിപ്പിക്കുന്നതെന്നുള്ള കാര്യം ആദ്യം മനസ്സിലാക്കണം, നിരാകാരനായ ഭഗവാനാണ് പഠിപ്പിക്കുന്നത്. ബാബയെ പരമപിതാ പരമാത്മാ ശിവൻ എന്നാണ് പറയുന്നത്. ശിവക്ഷേത്രം ബനാറസിൽ ഉണ്ടല്ലോ. പരിധിയില്ലാത്ത അച്ഛനാണ് പഠിപ്പിക്കുന്നതെന്നുള്ള നിശ്ചയം ആദ്യം ആത്മാവിനുണ്ടാകണം. ഈ നിശ്ചയം ഉണ്ടാകുന്നതു വരെ മനുഷ്യൻ ഒന്നിനും കൊള്ളാത്തവനാണ്. കക്കയ്ക്കു തുല്യനാണ്. ബാബയെ അറിയുന്നതിലൂടെ വജ്ര തുല്യമായി മാറാൻ കഴിയും. വജ്ര തുല്യമായി മാറുന്നതും കക്കയ്ക്കു തുല്യമായി മാറുന്നതും ഭാരതത്തിലെ മനുഷ്യർ തന്നെയാണ്. മനുഷ്യനിൽ നിന്നും ദേവതയാക്കി മാറ്റുന്നത് ബാബയാണ്. ഭഗവാനാണ് പഠിപ്പിക്കുന്നതെന്നുള്ള നിശ്ചയം ഇല്ലെങ്കിൽ, ഈ കോളേജിൽ ഇരുന്നു കൊണ്ടും ഒന്നും മനസ്സിലാക്കുന്നില്ല എന്നാണർത്ഥം. സന്തോഷത്തിന്റെ അളവ് കൂടുകയില്ല. ആരെയാണോ ഭക്തി മാർഗ്ഗത്തിൽ ദുഃഖത്തിന്റെ സമയത്ത് ഹേ പരമാത്മാ, ദയ ചൊരിയൂ, എന്നു പറഞ്ഞത് അത് നമ്മുടെ സ്നേഹം നിറഞ്ഞ അച്ഛനെയാണ്. ലൗകിക അച്ഛൻ ഉണ്ടായിരുന്നിട്ടും ഏത് അച്ഛനെയാണ് ഓർക്കുന്നത് എന്ന് പറയുന്നത്, ആത്മാവാണ്. ഇത് എന്റെ ലൗകിക അച്ഛനാണ്, ഇത് എന്റെ പാരലൗകിക അച്ഛനാണ് എന്ന് വായിലൂടെ പറയുന്നത് ആത്മാവാണ്. മനുഷ്യർ ഇപ്പോൾ ദേഹാഭിമാനികളാണ്, നിങ്ങൾ ദേഹീഅഭിമാനികളാണ്. ആത്മാവും പരമാത്മാവും എന്താണെന്ന് അവർക്ക് അറിഞ്ഞു കൂടാ. നമ്മൾ ആത്മാക്കൾ പരമപിതാ പരമാത്മാവിന്റെ കുട്ടികളാണെന്നുള്ള ജ്ഞാനം ആർക്കും ഇല്ല. ബാബ ആദ്യമേ ഈ നിശ്ചയം ചെയ്യിപ്പിക്കുന്നു, ഭഗവാൻ ഉച്ചരിക്കുന്നു, ഞാനാണ് നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നത് . ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധവും, മറന്ന് സ്വയം ആത്മാവാണെന്നുള്ള നിശ്ചയത്തിൽ അച്ഛനായ എന്നെ ഓർക്കൂ. ഒരു മനുഷ്യനോ കൃഷ്ണനോ അങ്ങനെ പറയാൻ കഴിയില്ല. ഇത് തന്നെയാണ് അസത്യമായ മായ,അസത്യമായ ശരീരം, അസത്യമായ ലോകം . സത്യമായി ഒന്നും തന്നെയില്ല. സത്യ ദേശത്തിൽ കള്ളമായ ഒന്നും കാണുകയില്ല. സത്യ ദേശത്തിന്റെ അധികാരി ലക്ഷ്മീ–നാരായണനായിരുന്നു, പൂജ്യരായിരുന്നു. ഇപ്പോൾ ഭാരതവാസികൾ ധർമ്മഭ്രഷ്ടരും കർമ്മഭ്രഷ്ടരുമായിരിക്കുന്നു,അതു കൊണ്ട് പേര് തന്നെ അഴിമതിയുടെ ഭാരതം എന്നാണ്. ശ്രേഷ്ഠാചാരി ഭാരതം എന്ന് പറയുന്നത് സത്യ യുഗത്തിനെയാണ്. അവിടെ സദാ എല്ലാവരും സന്തോഷം നിറഞ്ഞവരായിരിക്കും, ഒരിക്കലും അസുഖമോ, രോഗമോ ഉണ്ടാകുകയില്ല. ഇവിടെ ചിലർ സ്വർഗ്ഗത്തിൽ പോയെന്ന് പറയാറുണ്ട്, പക്ഷേ ആർക്കും അറിഞ്ഞു കൂടാ. ഈ സമയത്തെ രാജ്യവും മൃഗതൃഷ്ണയ്ക്കു സമമാണ്. ഒരു മാനിന്റെ കഥയുണ്ടല്ലോ – വെള്ളമെന്നു കരുതി ഉള്ളിൽ പോയി പിന്നെ ചതുപ്പിൽ കുടുങ്ങി പോയി. അപ്പോൾ ഈ സമയം ചെളി കൊണ്ടു നിറഞ്ഞ രാജ്യമാണ്. എത്രത്തോളം അലങ്കരിക്കുന്നുവോ അത്രത്തോളം അധപ്പതിച്ചുകൊണ്ടേയിരിക്കുന്നു. പറയാറണ്ടു ഭാരതത്തിൽ ഒരുപാട് ധാന്യങ്ങളൊക്കെ ഉണ്ടാകും, അതുണ്ടാകും ഇതുണ്ടാകും........ പക്ഷെ ഒന്നും നടക്കാൻ പോകുന്നില്ല. ഇതിനെയാണ് പറയുന്നത് മനുഷ്യന്റെ ആഗ്രഹം ഒന്നെന്നും, നടക്കുന്നത് വേറൊന്നെന്നും. ബാബ പറയുന്നു ഇത് രാജ്യമൊന്നും അല്ല. രാജാവും റാണിയും ഒക്കെയുള്ള സ്ഥലത്തെയാണ് രാജ്യം എന്നു പറയുന്നത്. ഇവിടെ പ്രജകളുടെ പ്രജകളുടെ മേലുള്ള രാജ്യമാണ്. അധർമ്മവും അസത്യവും നിറഞ്ഞ രാജ്യമാണ്. ഭാരതത്തിൽ ആദി സനാതന ദേവീ–ദേവതകളുടെ രാജ്യമാണ്. ഇപ്പോൾ ധർമ്മഭ്രഷ്ടവും കർമ്മഭ്രഷ്ടവുമാണ്. തങ്ങളുടെ ധർമ്മത്തെ തിരിച്ചറിഞ്ഞുകൂടാത്ത ഒരു ദേശവുമില്ല. ധർമ്മം എന്നാൽ ശക്തിയാണെന്ന് പറയാറുണ്ട്. മുഴുവൻ വിശ്വത്തിലും ദേവതകളുടെ

രാജ്യം ഉണ്ടായിരുന്നു, ഇപ്പോൾ പൂർണ്ണമായും ദരിദ്രമാണ്. പുറത്തു നിന്നും എന്ത് മാത്രം സഹായമാണ് വാങ്ങുന്നത്. അവരുടേത് ബാഹുബലത്തിന്റെ സഹായമാണ്, നിങ്ങളുടേത് യോഗ ബലത്തിന്റെ സഹായമാണ്. അതിസ്നേഹിയായ അച്ഛനിൽ നിന്നും 21 ജന്മത്തേയ്ക്ക് സദാ സുഖത്തിന്റെ സമ്പത്ത് ലഭിക്കുകയാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. അവിടെ ദുഃഖത്തിന്റെയോ, കരച്ചിലിന്റെയോ കാര്യം ഉണ്ടാകുകയില്ല. അകാല മരണം ഉണ്ടാകുകയില്ല. ഇന്നത്തെ പോലെ 4 – 5 കുട്ടികൾക്ക് ഒന്നിച്ച് ജന്മം നൽകുകയില്ല, ഒരു വശത്ത് പറയുന്നു കഴിക്കാനില്ല, സന്താനനിയന്ത്രണം നടത്താൻ പറയുന്നു. നരൻ ആഗ്രഹിക്കുന്നതൊന്ന്.........ന്യൂ ഡൽഹി പുതിയ രാജ്യം ആണെന്ന് ധരിക്കുന്നു. പക്ഷെ ഒന്നുമല്ല. എല്ലാവരുടേയും കഴുത്തിൽ മരണമാണ്. മരണത്തിന്റെ എല്ലാ തയ്യാറെടുപ്പുകളും ചെയ്യുകയാണ്. 5,000 വർഷം മുമ്പ് നടന്ന അതേ മഹാഭാരത യുദ്ധമാണ്. ബാബ പറയുന്നു ഇത് രാജ്യമൊന്നുമല്ല, ഇത് മൃഗതൃഷ്ണയ്ക്കു സമമാണ്. ദ്രൗപദിയുടെ ഉദാഹരണമുണ്ടല്ലോ. നിങ്ങൾ എല്ലാവരും ദ്രൗപദിമാരാണ്. ബാബയുടെ ആജ്ഞയാണ് ഈ വികാരങ്ങളുടെ മേൽ വിജയം നേടൂ. നമ്മൾ പ്രതിജ്ഞ ചെയ്യുന്നു – ഞങ്ങൾ സദാ പവിത്രമായിരുന്ന് ഭാരതത്തെ പവിത്രമാക്കും. ഈ പുരുഷന്മാർ പവിത്രമായിരിക്കാൻ അനുവദിക്കുന്നില്ല, ഇവർ ഞങ്ങളെ അടിക്കുന്നു എന്ന് ചില ഗുപ്തമായ ഗോപികമാർ നിലവിളിക്കാറുണ്ട്.

ഈ കാമം മഹാശത്രുവാണ് മനുഷ്യർക്ക് ആദി, മദ്ധ്യ അന്ത്യം ദുഃഖം നൽകുന്നതെന്ന് നിങ്ങൾക്കറിയാം. ബാബ പറയുന്നു നിങ്ങൾക്ക് ഇതിൻമേൽ വിജയം നേടണം. ഗീതയിലും ഭഗവാൻ പറഞ്ഞിട്ടുണ്ട്, കാമം മഹാ ശത്രുവാണെന്ന്. പക്ഷെ മനുഷ്യർക്ക് അറിഞ്ഞു കൂടാ. ബാബ പറയുന്നു പവിത്രമായാൽ രാജാക്കന്മാരിലും രാജാവാകാം. ഇപ്പോൾ പറയൂ, രാജാക്കന്മാരിലും രാജാവാകണോ അതോ പതീതമാകണോ? ഈ അന്തിമ ജന്മത്തിൽ ബാബ പറയുന്നു എനിക്ക് വേണ്ടി പവിത്രമാകൂ. അപവിത്ര ലോകത്തിന്റെ വിനാശവും, പവിത്ര ലോകത്തിന്റെ സ്ഥാപനയും നടക്കും. അരകല്പം വിഷം കുടിച്ച് – കുടിച്ച് നിങ്ങൾ അത്രത്തോളം ദുഃഖം കണ്ടിട്ടുണ്ട്, നിങ്ങൾക്ക് ഒരു ജന്മത്തിൽ ഇത് വിടാൻ കഴിയില്ലേ? ഇപ്പോൾ പഴയ ലോകത്തിന്റെ വിനാശവും പുതിയ ലോകത്തിന്റെ സ്ഥാപനയും നടക്കുകയാണ്. ആരാണോ പവിത്രമാകുന്നത് പിന്നെ പവിത്രമാക്കുന്നത്, അവർ ഉയർന്ന പദവി നേടുന്നു. ഇത് രാജയോഗമാണ്. നിങ്ങൾ ബ്രഹ്മാകുമാർ – കുമാരി എന്ന് പറയാറുണ്ട് അപ്പോൾ ശരിക്കും പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനം കൂടിയാണ്. ബ്രഹ്മാവ് ശിവന്റെ കുട്ടിയാണ്, നിങ്ങൾക്ക് സമ്പത്ത് നൽകുന്നത് ശിവനാണ്. ഇത് നിരാകാരി ഗോഡ് ഫാദർലി യൂണിവേഴ്സിറ്റിയാണ്. ബാബ സ്വർഗ്ഗം സ്ഥാപിക്കുന്ന, സമ്പത്ത് നൽകുന്ന ശിവനാണ്. ആ ഗോഡ് ഫാദർ ബ്ലിസ്സ്ഫുൾ, നോളേജ്ഫുൾ ആയ ബാബ വന്നിട്ട് പഠിപ്പിക്കുകയാണ്. പക്ഷെ എപ്പോഴാണോ ദേഹ–അഭിമാനം മാറുന്നത് അപ്പോഴേ ബുദ്ധിയിൽ ഇരിക്കുകയുള്ളൂ. ഭാഗ്യത്തിൽ ഇല്ലെങ്കിൽ ധാരണയും ഉണ്ടാകുകയില്ല. ശരിക്കും ജഗത് പിതാവിന്റെ കുട്ടികളാണ് നിങ്ങൾ. ബ്രഹ്മാകുമാരന്മാരും–ബ്രഹ്മാകുമാരികളും രാജയോഗം പഠിക്കുകയാണ്. നിങ്ങളുടെ ഓർമ്മ ചിഹ്നമാണുള്ളത്. എത്ര നല്ല ക്ഷേത്രമാണ്! അതിന്റെ അർത്ഥം നിങ്ങൾ കുട്ടികൾക്കല്ലാതെ മറ്റാർക്കും അറിഞ്ഞു കൂടാ. പൂജകൾ ചെയ്തും, തല കുമ്പിട്ടും എല്ലാ പൈസയും നശിപ്പിച്ചു. ഇപ്പോൾ പൂർണ്ണമായും കക്കയ്ക്കു തുല്യമായി മാറി. കഴിക്കാൻ ആഹാരമില്ല. ഇപ്പോൾ പറയുന്നു സന്താനോല്പാദനം കുറയ്ക്കൂ. കാമം മഹാശത്രുവാണെന്ന് പറയാനുള്ള ശക്തി മനുഷ്യനില്ല. എത്രയും കുറച്ച് ജന്മം നൽകാൻ പറയുന്നുവോ അത്രത്തോളം കൂടുതൽ ജന്മം നൽകുന്നു. ഇക്കാര്യത്തിൽ ആരുടെ ശക്തിയും ഫലപ്രദമാകുന്നില്ല.

ഇത് ഈശ്വരീയ വിശ്വവിദ്യാലയമാണ്, ഭഗവാൻ ഒന്നാണ്, ഇക്കാര്യം ആദ്യമാദ്യം നിങ്ങൾ കുട്ടികൾ മനസ്സിലാക്കി കൊടുക്കണം. ഇത് ഒരേയൊരു ചക്രമാണ് അത് കറങ്ങികൊണ്ടിരിക്കുന്നു.ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. മിത്രസംബന്ധികൾക്കും ഈ ആത്മീയ യാത്രയുടെ രഹസ്യം മനസ്സിലാക്കി കൊടുക്കണം. ഭൗതികമായ തീർത്ഥയാത്ര ജന്മ– ജന്മാന്തരം ചെയ്തു, പക്ഷേ ഈ ആത്മീയ യാത്ര ഒരേയൊരു പ്രാവശ്യമാണ് ചെയ്യുന്നത്. എല്ലാവർക്കും തിരിച്ച് പോകണം. ഒരു പതീതർക്കും ഇവിടെ ഇരിക്കുവാൻ കഴിയില്ല. ഇപ്പോൾ അന്തിമ സമയമാണ്. ഇത്രയും കോടികണക്കിന് മനുഷ്യരെല്ലാവരും സത്യയുഗത്തിൽ വരില്ല. അവിടെ വളരെ കുറച്ചേ ഉള്ളൂ. എല്ലാവർക്കും തിരിച്ച് പോകണം. തിരിച്ചുകൊണ്ടുപോകുവാൻ ബാബ വന്നിരിക്കുന്നു – എപ്പോൾ വരെ ഇത് മനസ്സിലാക്കുന്നില്ലയോ അപ്പോൾ വരെ മധുരമായ വീടിനേയും, സുഖധാമിനേയും ഓർമ്മിക്കുവാനേ കഴിയില്ല. ഓർമ്മിക്കുക വളരെ സഹജമാണ്. ബാബ പറയുന്നു, മധുരമായ വീട്ടിലേയ്ക്ക് പോകൂ. ബാബയ്ക്ക് അല്ലാതെ വേറാർക്കും നിങ്ങളെ കൊണ്ടുപോകുവാൻ കഴിയില്ല. ബാബയാണ് കാലന്റേയും കാലൻ. എത്ര നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. പക്ഷേ അതിശയമിതാണ് ഇത്ര വർഷമായിട്ടും ധാരണയാകുന്നില്ല. ചിലർ വളരെ സമർത്ഥരാകുന്നു, ചിലർ ഒന്നും മനസ്സിലാക്കുന്നില്ല. അതിനർത്ഥം ഇതല്ല – പഴയവരുടെ അവസ്ഥ ഇതാണെങ്കിൽ നമ്മുടെ അവസ്ഥ

എന്തായിരിക്കും? അല്ല, സ്കൂളിലും എല്ലാവരും നമ്പർ വൺ ആകില്ല. എല്ലാവർക്കും മനസ്സിലാക്കി കൊടുക്കണം – പരിധിയില്ലാത്ത ബാബയിൽ നിന്നും സമ്പത്ത് എടുക്കുവാനുള്ള സമയം ഇപ്പോഴാണ്. 21–ജന്മത്തേയ്ക്ക് സദാ സുഖത്തിന്റെ സമ്പത്ത് നേടണം. എത്ര ബ്രഹ്മാകുമാർ – കുമാരിമാരാണ് പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നത്,പക്ഷേ നമ്പർവാർ ആണ്.

നിങ്ങൾ അറിയുന്നുണ്ട് പതീത – പാവനൻ ഒരേയൊരു ബാബയാണ്. ബാക്കിയെല്ലാവരും പതീതരാണ്. ബാബ പറയുന്നു – എല്ലാവരുടേയും സത്ഗതി ദാതാവ് ബാബയാണ്, ആ ബാബ സ്വർഗ്ഗം സ്ഥാപിക്കുന്നു. പിന്നെ കേവലം ഭാരതം മാത്രം അവശേഷിക്കും, ബാക്കിയെല്ലാം വിനാശമാകും. മനുഷ്യരുടെ ബുദ്ധിയിൽ ഇത്രയും കാര്യങ്ങൾ പോലും ഇരിക്കുന്നില്ല. ബാബ പറയുന്നു – കുട്ടികളേ,ബാബയുടെ സഹായിയാകൂ എങ്കിൽ ബാബ നിങ്ങളെ സ്വർഗ്ഗത്തിന്റെ അധികാരിയാക്കും. ധൈര്യം കാണിക്കൂ, ബാബ സഹായിക്കും. ഈശ്വരീയ സേവകർ എന്ന് പാടുന്നുണ്ടല്ലോ. വാസ്തവത്തിൽ അവർ ഭൗതിക രക്ഷാസേനയാണ്. നിങ്ങളാണ് സത്യ– സത്യമായ ആത്മീയ രക്ഷാസേന. ഭാരതത്തിന്റെ ഏതൊരു തോണിയാണ് മുങ്ങിയത് അതിനെ രക്ഷിക്കുന്ന ഭാരതമാതാ ശക്തിയവതാരമാണ് നിങ്ങൾ. പക്ഷേ നിങ്ങൾ ഗുപ്ത സേനയാണ്. ശിവബാബ ഗുപ്തമാണ്, അതിനാൽ ബാബയുടെ സേനയും ഗുപ്തമാണ്. ശിവശക്തി, പാണ്ഡവ സേന. ബാക്കിയെല്ലാം അസത്യ കഥകളാണ് അതിനാൽ പറയുന്നു മോശമായത് കാണരുത്, മോശമായത് കേൾക്കരുത്, ബാബ എന്താണോ മനസ്സിലാക്കി തരുന്നത് അത് കേൾക്കൂ.

ഇത് പരിധിയില്ലാത്ത വലിയ സ്കൂളാണ്. ഈ യൂണിവേഴ്സിററിക്ക് വേണ്ടി കെട്ടിടങ്ങൾ ഉണ്ടാകുന്നു, അന്തിമത്തിൽ കുട്ടികൾ അതിൽ വന്ന് താമസിക്കും. ആരാണോ യോഗയുക്തം അവർ വന്ന് വസിക്കും. ഈ കണ്ണുകളിലൂടെ വിനാശം കാണും. ഇപ്പോൾ സ്ഥാപന – വിനാശത്തിന്റെ ഏതൊരു സാക്ഷാ ക്കാരമാണോ നിങ്ങൾ ദിവ്യ ദൃഷ്ടിയിലൂടെ കാണുന്നത്, പിന്നീട് അത് നിങ്ങൾ സ്വർഗ്ഗത്തിൽ ഈ കണ്ണുകളിലൂടെ കാണും. ഇതിൽ വളരെ വിശാല ബുദ്ധി വേണം. എത്രമാത്രം ബാബയെ ഓർമ്മിക്കുന്നുവോ അത്രയും ബുദ്ധിയുടെ പൂട്ട് തുറക്കും. ഒരുപക്ഷേ വികാരത്തിലേയ്ക്ക് പോകുന്നുവെങ്കിൽ പൂർണ്ണമായും പൂട്ട് അടഞ്ഞുപോകും. സ്കൂൾ ഉപേക്ഷിക്കുന്നുവെങ്കിൽ ബുദ്ധിയിൽ നിന്ന് ജ്ഞാനം പൂർണ്ണമായും പുറത്ത് പോകും. പതീതമായി, പിന്നീട് ധാരണയാകില്ല. പരിശ്രമം ഉണ്ട്. ഇത് വിശ്വത്തിന്റെ അധികാരിയാക്കുന്ന കോളേജാണ്. നിങ്ങൾ ബ്രഹ്മാകുമാർ– കുമാരിമാർ ശിവബാബയുടെ പേരക്കുട്ടികളാണ്. ഇവർ ഇപ്പോൾ ഭാരതത്തെ സ്വർഗ്ഗമാക്കികൊണ്ടിരിക്കുന്നു. ഈ ആത്മീയ സോഷ്യൽ വർക്കേഴ്സ് ലോകത്തെ പാവനമാക്കുന്നു. പവിത്രതയാണ് മുഖ്യം. ശ്രേഷ്ഠാചാരി ലോകമായിരുന്നു, ഇപ്പോൾ അത് ഭ്രഷ്ടാചാരിയായി. ഈ ചക്രം കറങ്ങികൊണ്ടിരിക്കുന്നു.ഏതൊരു ദേവീക വൃക്ഷത്തിന്റെ തൈ ആണോ നടുന്നത് അത് പതുക്കെ – പതുക്കെ വൃദ്ധി പ്രാപിക്കും. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം –

1) സത്യ – സത്യമായ ആത്മീയ രക്ഷാസേനയായി ഭാരതത്തെ വികാരത്തിൽ നിന്നും രക്ഷിക്കണം. ബാബയുടെ സഹായിയായി ആത്മീയ സാമൂഹ്യ സേവനം ചെയ്യണം.

2) ഒരു ബാബയോട് സത്യമായ കാര്യം കേൾപ്പിക്കണം. മോശമായത് കാണരുത്, മോശമായത് കേൾക്കരുത്............ ഈ കണ്ണിലൂടെ അന്തിമ സീൻ കാണുന്നതിന് യോഗയുക്തമാകണം.

## വരദാനം – അപ്സെറ്റാകുന്നതിനു പകരം കർമക്കണക്കുകളെ സസന്തോഷം തീർക്കുന്ന നിശ്ചിന്ത ആത്മാവായി ഭവിക്കട്ടെ.

എന്തെങ്കിലും കാര്യം പറയുമ്പോൾ അതിൽ ഉടനെ അപ്സെറ്റാകാതിരിക്കൂ, ആദ്യം സ്പഷ്ടമാക്കൂ അഥവാ ഉറപ്പു വരുത്തൂ ഏത് ഭാവത്തോടെയാണ് പറഞ്ഞിട്ടുള്ളത്. അഥവാ താങ്കളുടെ തെറ്റല്ല എങ്കിൽ നിശ്ചിന്ത മാകൂ. ഈ കാര്യം സ്മൃതിയിൽ വേണം– ബ്രാഹ്മണാത്മാക്കളിലൂടെ ഇവിടെ തന്നെ എല്ലാ കർമക്കണക്കു

കളും തീരണം. ധർമരാജപുരിയിൽ നിന്ന് രക്ഷപ്പെടുത്തുന്നതിനു വേണ്ടി ബ്രാഹ്മണർ എവിടെവിടെയെങ്കിലും നിമിത്തമായി മാറുന്നു, അതിനാൽ പരിഭ്രമിക്കരുത്, സസന്തോഷം തീർപ്പാക്കൂ. ഇതിൽ ഉയർച്ച (ഉന്നതി) തന്നെയാണ് സംഭവിക്കുക.

## സ്ലോഗൻ - "ബാബ തന്നെയാണ് ലോകം"- സദാ ഈ സ്മൃതിയിൽ കഴിയുക- ഇതാണ് സഹജയോഗം

### മാതേശ്വരിജിയുടെ മധുര മഹാവാക്യം

***"അജപാജപം അർത്ഥം നിരന്തരയോഗം, മുറിയാത്ത യോഗം" 4-2-57***

എപ്പോൾ ഓം ശാന്തി പറയുന്നുവോ അതിന്റെ യഥാർത്ഥ അർത്ഥമാണ്, ഞാൻ ആത്മാവ് ആ ജ്യോതിസ്വരൂപനായ പരമാത്മാവിന്റെ സന്താനമാണ്, നമ്മളും ആ ജ്യോതിർബിന്ദുവായ പരമാത്മാ പിതാവിനെപ്പോലെ ആകാരമുള്ളവരാണ്. പിന്നെ നാം സാളിഗ്രാം മക്കളായതിനാൽ നമുക്ക് നമ്മുടെ ജ്യോതിസ്വരൂപനായ പരമാത്മാവിനോടൊപ്പം യോഗം വെക്കണം. പരമാത്മാവിൽ തന്നെ യോഗം വെച്ച് ലൈറ്റ്-മൈറ്റിന്റെ സമ്പത്തെടുക്കണം, അതാണ് ഗീതയിൽ സ്വയം ഭഗവാന്റെ മഹാവാക്യമുള്ളത്, മൻമനാഭവ. ജ്യോതിസ്വരൂപനായ പിതാവായ എന്നെപ്പോലെ നിങ്ങൾ കുട്ടികളും നിരാകാരി സ്വരൂപത്തിൽ സ്ഥിതി ചെയ്യൂ, ഇതിനെത്തന്നെയാണ് അജപാജപം എന്ന് പറയുന്നത്. അജപാജപം എന്നുവെച്ചാൽ ഏതൊരു മന്ത്രവും ഉരുവിടാതെ സ്വാഭാവികമായി ആ പരമാത്മാവിന്റെ ഓർമ്മയിലിരിക്കുക, ഇതിനെത്തന്നെയാണ് പൂർണ്ണയോഗം എന്നു പറയുന്നത്. യോഗത്തിന്റെ ഉദ്ദേശ്യമാണ്, ഒരേയൊരു യോഗേശ്വരനായ പരമാത്മാവിന്റെ ഓർമ്മയിലിരിക്കുക, അവരെ യോഗി അഥവാ യോഗിനികൾ എന്ന് പറയുന്നു. എപ്പോൾ ആ യോഗം, അഥവാ നിരന്തര ഓർമ്മയിൽ ഇരിക്കുന്നുവോ അപ്പോഴേ വികർമ്മങ്ങളുടേയും പാപങ്ങളുടേയും ഭാരം ഇല്ലാതായി ആത്മാവ് പവിത്രമാകൂ, അതിലൂടെ പിന്നീട് ഭാവിജന്മത്തിൽ ദേവതാ പദവി പ്രാപ്തമാകൂ. ഇപ്പോൾ ഈ ജ്ഞാനം വേണം അപ്പോഴേ യോഗം പൂർണ്ണമായി വെക്കാൻ സാധിക്കൂ. അതിനാൽ സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി പരമാത്മാവിന്റെ ഓർമ്മയിലിരിക്കുക, ഇതാണ് സത്യമായ ജ്ഞാനം. ഈ ജ്ഞാനത്തിലൂടെ തന്നെയാണ് യോഗം ലഭിക്കുക. ശരി . ഓം ശാന്തി.